©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 ഏപ്രിൽ 27<br>27th April 2021<br>1196 മേടം 14<br>14th Medam 1196<br>1943 വൈശാഖം 7<br>7th Vaisakha 1943 | നമ്പർ<br>No. | 17 |

## PART III

# Commissionerate of Land Revenue

## Aluva Taluk

ലേല പരസ്യം

നമ്പർ സി.1-5434/2020. 2021 ഏപ്രിൽ 9.

ആലുവ താലൂക്കിൽ മലയാറ്റൂർ വില്ലേജിൽ ബ്ലോക്ക് 22-ൽ സർവേ നമ്പർ 143/15-ൽ പെട്ട പുറമ്പോക്ക് ഭൂമിയിൽ നിന്ന് മുറിച്ചുമാറ്റിയ തേക്ക് മരം പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതിന് ആലുവ തഹശീൽദാർ (ഭൂരേഖ) ഉത്തരവായിട്ടുള്ളതാണ്. ലേലം ചെയ്യപ്പെടുന്ന മരത്തിന്റെ ഇനം, അളവ് എന്നിവ ചുവടെ ചേർക്കുന്നു.

പട്ടിക

| ഇനം | GBH (സെ, മി.) | തടി അളവ് ($m^3$) | റിമാർക്സ് |
|---|---|---|---|
| തേക്ക് | 130 | 0.414 | മുറിച്ച് കഷണങ്ങൾ ആക്കി സൂക്ഷിച്ചിരിക്കുന്നു. |
| ,, | 93 | 0.183 | |
| ,, | 98 | 0.180 | |
| ,, | 72 | 0.121 | |
| ,, | 106 | 0.143 | |
| ,, | 114 | 0.168 | |

മേൽ പട്ടികയിൽ പരാമർശിച്ചിട്ടുള്ള ലേലവസ്തുക്കൾ പകൽ 10 മണി മുതൽ 5 മണി വരെ പരിശോധിക്കുന്നതിന് സൗകര്യമുണ്ടായിരിക്കുന്നതാണ്. പട്ടികയിൽ പരാമർശിച്ചിരിക്കുന്ന മരം പരസ്യലേലം വ്യവസ്ഥകൾ അനുസരിച്ച് 6-5-2021-ാം തീയതി 11 മണിക്ക് മരം സൂക്ഷിച്ചിരിക്കുന്ന സ്ഥലത്ത് വച്ച് നടത്തുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ 11 മണിക്ക് മുമ്പായി നിശ്ചിത സ്ഥലത്ത് എത്തിച്ചേരേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ അന്നേ ദിവസം ലേലം നടക്കാതിരുന്നാൽ 17-5-2021-ാം തീയതിയിലും പ്രസ്തുത തീയതിയിൽ ലേലം നടക്കാതിരുന്നാൽ 25-5-2021-ാം തീയതിയിലും ഇതേ സമയത്ത് നടപടിക്രമങ്ങൾ പാലിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ ലേലത്തിന് മുമ്പായി ₹ 4,500 നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. കൂടുതൽ തുകയ്ക്ക് ലേലം കൊണ്ടയാൾ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിച്ച് ലേലം സ്ഥിരപ്പെടുത്തി ജില്ലാ കളക്ടർ ഉത്തരവാകുന്ന മുറയ്ക്ക് ലേല വസ്തുക്കൾ വിട്ടു തരുന്നതുമാണ്. മുഴുവൻ ലേല തുകയും ചരക്ക് സേവന നികുതി ഉൾപ്പടെ നിയമാനുസൃത എല്ലാ അനുബന്ധ നികുതികളും ലേലം കൊണ്ടയാൾ അന്നേ ദിവസംതന്നെ അടയ്ക്കേണ്ടതാണ്. അപ്രകാരം ലേലം കൊണ്ടയാൾ 10 ദിവസത്തിനകം ടി മരങ്ങൾ ലേലംകൊണ്ടയാളുടെ ഉത്തരവാദിത്വത്തിലും ചെലവിലും മറ്റാർക്കും നാശനഷ്ടം ഉണ്ടാകാത്തവിധവും ലേല വസ്തുക്കൾ നീക്കം ചെയ്യേണ്ടതാണ്.

ലേലത്തിൽ പങ്കെടുക്കുന്നവർ ലേല വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതും സർക്കാർ ലേലത്തിന് ബാധകമായ എല്ലാവിധ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കുന്നതുമാണ്. പ്രസ്തുത ലേലം മാറ്റിവയ്ക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ ആലുവ തഹശീൽദാർക്ക് അധികാര മുണ്ടായിരിക്കുന്നതാണ്. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ആലുവ താലൂക്ക് ഓഫീസിലോ മലയാറ്റൂർ വില്ലേജ് ഓഫീസിലോ ബന്ധപ്പെടേണ്ടതാണ്.

ലേല വസ്തു—മലയാറ്റൂർ വില്ലേജ്, ബ്ളോക്ക് 22, സർവ്വെ 143/15-ൽപ്പെട്ട പുറമ്പോക്ക് ഭൂമിയിൽ മുറിച്ചിട്ടിരിക്കുന്ന തേക്ക് മരം

ലേല സ്ഥലം—മരം സൂക്ഷിച്ചിരിക്കുന്ന സ്ഥലം

നിരതദ്രവ്യം—₹ 4,500.

നികുതി—18% ചരക്ക് സേവന നികുതി.

വികസന ഫണ്ട്—മരം വിറ്റുകിട്ടുന്ന ആകെ തുകയുടെ 5%.

ലേല തീയതി—6-5-2021 പകൽ 11 മണി.

താലൂക്കാഫീസ്, (ഒപ്പ്)
ആലുവ. തഹശീൽദാർ (എൽ. ആർ.)

പരസ്യം

(1)

നമ്പർ എച്ച്3-10365/2020. 2021 ജനുവരി 1.

ആലുവ താലൂക്ക്, തുറവൂർ വില്ലേജിൽ കിടങ്ങൂർ കരയിൽ തച്ചിൽ വീട്ടിൽ വർഗ്ഗീസ് മകൻ ടി വി. ഔസേഫ് @ ജോസഫ്, ടിയാൻ ഭാര്യ ഏല്ല്യാമ്മ ജോസഫ് എന്നിവർ യഥാക്രമം 24-11-1994, 2-1-2020 തീയതികളിൽ മരണപ്പെട്ടതാണെന്നും ഒരു അവകാശ സർട്ടിഫിക്കറ്റ് അനുവദിച്ചു കൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പരേതരുടെ മകൻ ജോർഡി ജോസഫ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. ബന്ധപ്പെട്ട വില്ലേജാഫീസർവഴി അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവരാണ് പരേതരുടെ നിയമാനുസൃത അവകാശികൾ എന്നറിവായിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പരേതരുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | ജോർഡി ജോസഫ് | മകൻ | 60 |
| 2 | സുരേഷ് | ,, | 58 |
| 3 | ജലജൻ | ,, | 48 |
| 4 | സജി | ,, | 35 |
| 5 | സണ്ണി | ,, | 46 |
| 6 | സ്റ്റെല്ല | മകൾ | 51 |
| 7 | ഗ്ളാഡിസ് | ,, | 49 |
| 8 | റെജി | ,, | 45 |

മുകളിൽ കാണിച്ചിരിക്കുന്നവരുടെ പേരിൽ അവകാശ സർട്ടിഫിക്കറ്റ് കൊടുക്കുന്നതിൽ ആർക്കെങ്കിലും പരാതി ഉള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 30 ദിവസത്തിനകം രേഖാമൂലം നേരിട്ട് ഈ ഓഫീസിൽ ഹാജരാകേണ്ടതാണ്. തപാൽ മുഖേനയോ അല്ലാതെയോ സമയപരിധിക്കുശേഷമോ ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല.